**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.616 24.01.2018-ലെ മറുപടിയ്ക്ക്

## <u>കായികക്ഷമതാ മിഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>വിശദാംശങ്ങൾ നല്കുമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച പ്രാരംഭ രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | കായികക്ഷമതാ മിഷന്റെ ഘടന വെളിപ്പെടുത്താമോ; ഇത് നടപ്പാക്കുന്നത് ഏതൊക്കെ വകുപ്പുകളുടെ കീഴിലാണ്; | (ബി)<br>&<br>(സി) | കേളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നേഴ്സറി തലം മുതൽ നാലാം ക്ലാസ്സ് വരെയും, അഞ്ചാം ക്ലാസ്സ മുതൽ പത്താം ക്ലാസ്സ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും, ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ടി പദ്ധതിയിൻ കീഴിൽ ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുന്നതും വ്യാപിപ്പിക്കുന്നതും ഏതൊക്കെ ഏജൻസി മുഖേനയാണെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**